"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം - സിറ്റിംഗുകളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് യാത്രാബത്ത അനുവദിക്കുന്നതിന് അധികഫണ്ട് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.675/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

പരാമർശം:-

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറിയുടെ 18.08.2025, 20.01.2026 തീയതികളിലെ എ1/892/2025/ഒബിഡിഎൻ നമ്പർ കത്ത്.
2. 24.02.2026-ലെ സ.ഉ.(സാധാ) നമ്പർ 1834/2026/ധന.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ നടത്തിയ ക്യാമ്പ് സിറ്റിംഗുകൾക്കും, തുടർന്നുള്ള മാസങ്ങളിൽ ഷെഡ്യൂൾ ചെയ്യുന്ന ക്യാമ്പ് സിറ്റിംഗുകൾക്കും യാത്രാബത്ത അനുവദിക്കുന്നതിന് അവശേഷിക്കുന്ന തുക പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ ക്യാമ്പ് സിറ്റിംഗുകളുടെ സുഗമമായ നടത്തിപ്പിനും, കേസ് തീർപ്പാക്കലിനുമായി, സിറ്റിംഗുകളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് യാത്രാബത്ത സമയബന്ധിതമായി അനുവദിക്കുന്നതിന് 2515-00-101-64-04-1 Tour TA ശീർഷകത്തിൽ 3 ലക്ഷം (മൂന്ന് ലക്ഷം രൂപ) അധിക ഫണ്ടായി അനുവദിക്കണമെന്ന് പരാമർശം (1) മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) പരാമർശം (2) പ്രകാരം ഓംബുഡ്സ്മാൻ കാര്യാലയത്തിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്ത അനുവദിക്കുന്നതിന് 2515-00-101-64-04-1 എന്ന ശീർഷകത്തിൽ 50,000/-രൂപ അധികമായി അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(3) മേൽ സാഹചര്യത്തിൽ, നടപ്പ് സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുൻപായി Re-appropriation of savings വഴി അധിക ധനാനുമതിയായി അനുവദിച്ച ടി തുകയുടെ ക്രമീകരണത്തിനുള്ള നടപടികൾ ശീർഷകത്തിന്റെ ചുമതലയുള്ള കൺട്രോളിങ് ഓഫീസർ സ്വീകരിക്കണമെന്ന വ്യവസ്ഥയിൽ, ഓംബുഡ്സ്മാൻ കാര്യാലയത്തിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്ത അനുവദിക്കുന്നതിന് 2515-00-101-64-04-1 എന്ന ശീർഷകത്തിൽ 50,000/-രൂപ (അൻപതിനായിരം രൂപ മാത്രം) അധികമായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ഇ./എസ്.എസ്.എ കേരളം, തിരുവനന്തപുരം &
ആർ.എസ്.എ).
പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധന വകുപ്പ് (03.03.2026-ലെ WCD-3/242/2025/Fin പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (1A4/118/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 11-03-2026 10:49:46
സെക്ഷൻ ഓഫീസർ